

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

വാല്യം 1 ലക്കം-1 ഏപ്രിൽ 2011



## എഡിറ്റോറിയൽ ബോർഡ്

*ചീഫ് എഡിറ്റർ*
**ഡോ. ജോൺസൺ സി. ഫിലിപ്പ്**

*മാനേജിംഗ് എഡിറ്റർ*
**ഡോ. സനീഷ് ചെറിയാൻ**



Email- editor.verpadu@gmail.com
Website: http://freeebooks.itz4u.com


## എഡിറ്റോറിയൽ

ക്രിസ്തീയ വിശ്വാസത്തോടും ജീവിതത്തോടുമുള്ള ബന്ധത്തിൽ സ്ഥായിയായ പ്രാധാന്യമുള്ള ഒന്നാണ് വേർപാട്. ലോകജാതികളിൽ നിന്നും അവരുടെ വിശ്വാസാചാരങ്ങളിൽ നിന്നും വേർപെട്ടവരായി ദൈവജനം നിൽക്കണമെന്നതു ദൈവവചനത്തിന്റെ കേന്ദ്ര പ്രമേയങ്ങളിൽ ഒന്നാണ്. വേർപാടും വിശുദ്ധിയും ജീവിതത്തിൽ കാത്തു പാലിച്ചവരെയും പരാജിതരായവരെയും തിരുവെഴുത്തു നമ്മുടെ മുന്നറിയിപ്പിനായി വെളിപ്പെടുത്തിയിരിക്കുന്നു.

കേരളക്കരയിൽ ആരംഭിച്ച ബ്രദറൺ പ്രസ്ഥാനത്തിനു ലോകർ നൽകിയ പേരാണ് വേർപാടുകാർ. ഉപദേശത്തിലും വചന പഠനത്തിലും ജീവിതരീതികളിലും ലോകജാതികളിൽ നിന്നും മറ്റു നാമധേയ ക്രിസ്തീയ വിഭാഗങ്ങളിൽ നിന്നും വേർപാടു പാലിച്ചവർക്കു ചേർന്ന പേരും അതുതന്നെ. വേർപാടു പ്രസ്ഥാനത്തിന്റെ ആണിക്കല്ലു തന്നെ വേർപാടാണ്.

എന്നാൽ തലമുറകൾ കഴിഞ്ഞപ്പോൾ ഈ വേർപാട് ബ്രദറുകാരുടെയിടയിൽ കുറഞ്ഞുവന്നു കൊണ്ടിരിക്കുന്നു. ഉപദേശതലത്തിലും പ്രായോഗിക ജീവിത തലത്തിലും മറ്റുള്ളവരുമായി കൂടിച്ചേർന്നു പോകാനുള്ള പ്രവണത വർദ്ധിച്ചുവരുന്നു.

ഉപദേശത്തോടു വിശ്വാസികൾക്കു പൊതുവെ താൽപര്യം കുറഞ്ഞുവരുന്നു. വിശ്വാസികളുടെ ആത്മീക കാഴ്ചപ്പാടിലുണ്ടായ ഈ മാറ്റം മനസ്സിലാക്കിയ ഉപദേഷ്ടാക്കന്മാരും ഉപദേശത്തെ ഒഴിവാക്കി പ്രായോഗിക ജീവിതം എന്ന തലത്തിലേക്കു തങ്ങളുടെ പഠനരീതികളും ക്ലാസ്സുകളും മാറ്റിത്തുടങ്ങി.

ഉപദേശവും ജീവിതവും ഒരു പക്ഷിയുടെ രണ്ടു ചിറകുകൾ പോലെയാണ്. ഉപദേശവും ജീവിതവും കൂടി ചേരുമ്പോൾ മാത്രമേ ആത്മീകമായി ഉന്നതി പ്രാപിക്കുവാൻ നമുക്കു സാധിക്കൂ. ആകയാൽ ദൈവജനത്തിനു അടിസ്ഥാന ഉപദേശ വിഷയങ്ങളിൽ ക്രമീകൃതമായ ഒരു പഠനം നൽകുക എന്ന ലക്ഷ്യത്തോടെ ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് ആരംഭിച്ചിരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് വേർപാട്.

തിരുവചന സത്യങ്ങളിലേക്കും ബ്രദറൺ സഭാ പിതാക്കന്മാർ ഉപദേശത്തിലും ജീവിതത്തിലും പാലിച്ച വേർപാടിലേക്കും ഒരു തിരിഞ്ഞു നോട്ടവും മടങ്ങിവരവും ഈ പ്രസിദ്ധീകരണത്താൽ ഞങ്ങൾ ആഗ്രഹിക്കുന്നു.

ഡോ. സനീഷ് ചെറിയാൻ

# അടിസ്ഥാന ഉപദേശം എന്ത്? ആവശ്യകത എന്ത്?

ഡോ. ജോൺസൺ സി. ഫിലിപ്പ്

ക്രിസ്തീയ ജീവിതത്തോടും വിശ്വാസത്തോടുമുള്ള ബന്ധത്തിൽ അടിസ്ഥാന ഉപദേശങ്ങൾ ഒഴിവാക്കാനാവാത്തതാണ്. എന്നാൽ ഏതൊക്കെയാണ് അടിസ്ഥാന ഉപദേശങ്ങൾ എന്നും അവയെ എങ്ങനെ പ്രവർത്തിപഥത്തിൽ കൊണ്ടുവരണമെന്നുമുള്ള സംശയം ചിലരിൽ ഉണ്ടാകുന്നു.അടിസ്ഥാന ഉപദേശങ്ങൾ (Fundamental Doctrines) എന്നു കേൾക്കുമ്പോൾ കടിച്ചാൽ പൊട്ടാത്ത എന്തോ ഒന്നാണെന്നും ശ്രേഷ്ഠരായ ദൈവദാസന്മാർക്കും സുവിശേഷകന്മാർക്കും ഉള്ളതാണെന്നും വേറൊരു കൂട്ടർ ചിന്തിക്കുന്നു. തന്മൂലം ഉപദേശ പഠന ക്ലാസ്സുകളിൽ വിശ്വാസികൾക്കു താല്പര്യം കുറയുകയും പങ്കെടുക്കാതിരിക്കയും ചെയ്യും. ഉപദേശമെന്ന് കേൾക്കുമ്പോൾ അടിമുടി വിറയ്ക്കുന്ന വേറൊരു കൂട്ടരുണ്ട്. ദൈവീകതയുടെയും ആത്മീകതയുടെയും പേരിൽ സ്വന്തം സാമ്രാജ്യങ്ങൾ പണിതുയർത്തുന്ന ഇക്കൂട്ടർക്ക് ഉപദേശങ്ങളുടെ പ്രാധാന്യം നന്നായി അറിയാം.

ഉപദേശ സംബന്ധമായി വിശ്വാസികൾ പരിജ്ഞാനം പ്രാപിച്ചാൽ തങ്ങളുടെ മോഹന സാമ്രാജ്യം തകർന്നടിയുമെന്നതുകൊണ്ട് അവർ എന്തുവില കൊടുത്തും വിശ്വാസികൾ ഉപദേശം പഠിക്കുന്നത് തടയും. ഇതു ഇക്കാലത്തിന്റെ മാത്രം സവിശേഷതയല്ല. ഒന്നാം നൂറ്റാണ്ടു മുതൽ തന്നെ ഈ സാഹചര്യം ദൃശ്യമാണ്. ഇങ്ങനെ ഉപദേശ സംബന്ധമായി വിശ്വാസഗോളത്തിന്റെ കാഴ്ചപ്പാടുകൾ വിവിധങ്ങളാണെങ്കിലും, സ്ഥലം സഭകളും വീണ്ടും ജനനം പ്രാപിച്ചവരും അടിസ്ഥാന ഉപദേശങ്ങൾ സംബന്ധിച്ച് അറിവുള്ളവരാകണമെന്ന് പരിശുദ്ധാത്മാവ് ഞങ്ങൾക്ക് ഹൃദയത്തിൽ തന്ന പ്രേരണയാണ് ഈ ഗ്രന്ഥരചനയ്ക്ക് പിന്നിലുള്ളത്.

## A. അടിസ്ഥാന ഉപദേശം എന്ത്?

സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിന്റെ ഭാഗമായിരിക്കുന്ന വിശ്വാസികൾ, സഭാംഗങ്ങൾ എന്ന നിലയിൽ പാലിച്ചുപോരേണ്ടതിനു വേണ്ടി പരിശുദ്ധാത്മാവ് മുഖാന്തരം ദൈവം തന്റെ ദാസന്മാർക്ക് നൽകിയതും അവർ അടുത്തറിഞ്ഞതുമായ വചനങ്ങളാണ് ഉപദേശങ്ങൾ. സഭയുടെ നിലനിൽപ്പിന് ഈ ഉപദേശങ്ങൾ അടിസ്ഥാനമായിരിക്കുകയാൽ ഇവയെ അടിസ്ഥാന ഉപദേശങ്ങൾ എന്നും പറയാം. (1 തിമൊ. 3:15; യോഹ. 1:1–3)

ദൈവവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്നതും, നേരിയ വ്യത്യാസം വരുത്തിയാൽ വിശ്വാസത്തെ തന്നെ ദോഷകരമായി ബാധിക്കുന്നതുമായ ഉപദേശങ്ങളാണ് അടിസ്ഥാന ഉപദേശങ്ങൾ.

കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ, അപ്പോസ്തോലന്മാർ മുഖാന്തരം നല്കപ്പെട്ടതും (2 പത്രോ. 3:2) ദൈവപൈതൽ ദൈനംദിന ജീവിതത്തിൽ അറിഞ്ഞിരിക്കേണ്ടതും അനുഷ്ഠിക്കേണ്ടതും മുറുകെ പിടിക്കേണ്ടതും പ്രസ്താവിക്കേണ്ടതുമായ ദൈവകല്പനയാകുന്ന ചട്ടങ്ങളും വിധികളുമാണ് ഉപദേശങ്ങൾ (അ.പ്ര. 2:42; ഗലാ. 1:8).

“വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പോസ്തോലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കല്പനയും ഓർത്തുകൊള്ളണമെന്ന്

ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥ മനസ്സു ഉണർത്തുന്നു." (2 പത്രോ. 3:2). വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും അപ്പോസ്തോലന്മാർ മുഖാന്തരം കർത്താവു തന്ന കല്പനകളുമാണ് അടിസ്ഥാന ഉപദേശങ്ങൾ.

## B. ഉപദേശത്തിന്റെ ആവശ്യകത

ഏതൊരു പ്രസ്ഥാനത്തിനും ചില അടിസ്ഥാന പ്രവർത്തന തത്വങ്ങളുണ്ട്. മനുഷ്യന് അവന്റെ മനഃസ്സാക്ഷിയിൽ ഒരു ധാർമ്മിക ബോധം പക്വതയേകുന്നതിനായുണ്ട്. ഇതുപോലെ സഭാജീവിതം തലയാകുന്ന ക്രിസ്തുവിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം (കൊലോ. 2:19). ഈ നിർദ്ദേശങ്ങളെ ദൈവാത്മാവ് (ക്രിസ്തുവിന്നാത്മാവ്) വചനത്തിൽ ഉപദേശങ്ങളായി നൽകിയിരിക്കുന്നു. ക്രിസ്തുവിന് പ്രസാദകരമായ ജീവിതം നയിക്കുന്നതിന് ഈ വേദപുസ്തക ഉപദേശങ്ങളെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിരിക്കണം. അറിയിക്കപ്പെട്ട ഉപദേശങ്ങൾ ജീവിതത്തിൽ കാത്തുപാലിക്കാനുള്ള മനസ്സുണ്ടായിരിക്കണം.

വേർപാടുകാരായ നമുക്ക് വ്യക്തമായ ഉപദേശമുണ്ട്. നാം അതു തിരുവെഴുത്തിൽ നിന്നു പ്രാപിച്ചിട്ടുമുണ്ട്. എന്നാൽ ആ വിഷയം സംബന്ധിച്ചുള്ള ബോധ്യമില്ലായ്മയാണ് ഇന്നു ലോകത്തിലേക്കു നാം ഇറങ്ങിപ്പോകാൻ കാരണം. ഉപദേശത്തിനു നാം വേണ്ടത്ര ഗൗരവം കൊടുക്കാതെ വന്നപ്പോൾ ആ സ്ഥാനത്തു ലോകവും അതിന്റെ തത്വശാസ്ത്രവും നമ്മുടെയിടയിലേക്ക് ആത്മീകവേഷം ധരിച്ചു കടന്നുവന്നു. ഉപദേശസംബന്ധമായി നമുക്കുള്ള അവകാശത്തെ ദൈവാത്മാവ് വെളിപ്പെടുത്തുന്നതു ശ്രദ്ധിക്കുക : "എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നു എങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായിത്തീർന്നതുകൊണ്ടു ദൈവത്തിനു സ്തോത്രം" (റോമ 6:17, 18). ഈ വാക്യത്തിൽ നിന്നും രണ്ടു കാര്യങ്ങൾ മനസ്സിലാക്കാം. പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ അപ്പോസ്തോലിക ഉപദേശം (അ.പ്ര. 2:42; ഗലാ. 1:8) പൂർണ്ണഹൃദയത്തോടെ അനുസരിക്കണം. തന്നെയുമല്ല, ഉപദേശത്തിൽ നിലനിന്നു നാം നീതിക്കു ദാസന്മാരായി ജീവിക്കണമെന്നും ദൈവാത്മാവ് നമ്മെക്കുറിച്ചാഗ്രഹിക്കുന്നു.

**ഉപദേശം ശരിയല്ലെങ്കിലും ഉപദേശത്തെക്കുറിച്ചുള്ള ബോധ്യം ശരിയല്ലെങ്കിലും വിജയകരമായ ക്രിസ്തീയ ജീവിതം അസാദ്ധ്യമാണ്.** ഉപദേശവും ജീവിതവും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ശരിയായ ഉപദേശമില്ലാതെ വിശുദ്ധ ജീവിതം സാദ്ധ്യമല്ല. അതുപോലെ വിശുദ്ധ ജീവിതമില്ലാതെ ഉപദേശമുണ്ടെന്നു പറയുന്നതും ശരിയല്ല. വിശുദ്ധ ജീവിതത്തിനു ഉപദേശമാണ് അടിസ്ഥാനം. ഉപദേശത്തിന്റെ പ്രാധാന്യത്തെ ദൈവവചനം വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക; "പത്ഥ്യോപദേശത്താൽ പ്രബോധിപ്പിക്കാനും വിരോധികൾക്ക് ബോധം വരുത്തുവാനും ശക്തനാകേണ്ടതിനു ഉപദേശപ്രകാരമുള്ള വിശ്വാസവചനം മുറുകെ പിടിക്കുന്നവനും ആയിരിക്കേണം." (തീത്തോസ് 1:9)

തിരുവചന ഉപദേശങ്ങളറിയാതെ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കാൻ സാധിക്കില്ലെന്നതു പോലെ തന്നെ ഉപദേശം കൂടാതെ സുവിശേഷം മറ്റുള്ളവരോടു ദൈവോദ്ദേശ്യത്തിനൊത്തു പറയാനും സാധിക്കില്ല. "നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറച്ചുനിൽക്ക അങ്ങനെ ചെയ്താൽ നീ നിന്നെത്തന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും" (1 തിമോ. 4:16). ഉപദേശം പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ ചെയ്താൽ വിശ്വാസികൾക്കു വിഷമമാകുമെന്നു പറഞ്ഞുകൊണ്ട് ഉപദേഷ്ടാക്കന്മാർ ഇന്നു പ്രായോഗിക ജീവിതത്തിനുള്ള ക്ലാസ്സെടുക്കുന്നതിലാണ് താല്പര്യം കാണിക്കുന്നത്. ഉപദേശം പഠിപ്പിക്കാതെ പ്രായോഗിക ജീവിത വിശുദ്ധി സാധ്യമല്ലെന്നറിഞ്ഞിട്ടും ജനപ്രീതിക്കായി ഇവർ എങ്ങനെ

നന്നായി ജീവിക്കാം എന്ന് ആർക്കും ദോഷമുണ്ടാകാതെ പഠിപ്പിക്കാൻ ശ്രമിക്കുന്നു.

വേർപാടും വിശുദ്ധിയും എന്നുള്ള വേദപുസ്തക അടിസ്ഥാന പ്രമാണം സംബന്ധിച്ച വിഷയങ്ങൾ വരുമ്പോൾ, വളരെ ലാഘവത്തോടെ വിഷയങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുന്ന പ്രവണത ഇന്നു ശുശ്രൂഷകരുടെ ഇടയിൽ വർദ്ധിച്ചുവരുന്നുണ്ട്. ഇക്കാര്യം മുന്നമെ അറിഞ്ഞ ദൈവാത്മാവ് 2 തിമോ. 2:15-ൽ ഇപ്രകാരം രേഖപ്പെടുത്തി; "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നിൽപ്പാൻ ശ്രമിക്ക" (2 തിമോ. 2:15) സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും ജീവിക്കുവാനും വളരെ പ്രയത്നം ആവശ്യമാണ്. അതിനു വലിയ വില നൽകേണ്ടിയും വരും. ഇക്കാരണത്താലാണ് "സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നു അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്" എന്ന് ദൈവാത്മാവ് പ്രബോധിപ്പിച്ചത് (യാക്കോബ് 3:1). തിരുവചന ഉപദേശങ്ങളെ കോട്ടിക്കളയുകയോ ഉപദേശ പഠനത്തിൽ നിന്ന് വിശ്വാസികളെ പിന്തിരിപ്പിക്കുകയോ ചെയ്യുന്ന ഉപദേഷ്ടാക്കന്മാർക്കു ശിക്ഷ ഉണ്ട്.

ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പാകെ ഓരോരുത്തരായി നിന്ന് കണക്ക് കൊടുക്കുമ്പോൾ (എബ്രാ. 13:17) ഇന്നത്തെ ജനസ്വീകാര്യമോ സ്വാധീനമോ ഒഴിവു കഴിവുകളോ അവിടെ വിലപ്പോകില്ല. നീതിയുള്ള ന്യായാധിപനായി തക്കവണ്ണം കൂലി നൽകുമ്പോൾ ഇന്ന് ലാഭത്തിനായി ചെയ്തതിനൊക്കെയും പതിൻമടങ്ങിരട്ടിയായി ചേതം വരുമെന്നതു (1 കൊരി. 3:15) ഭയത്തോടെ ഓർക്കാൻ ആവശ്യമുണ്ട്. വിശ്വാസികൾക്ക് ശിക്ഷാവിധി ഉണ്ടാകുമ്പോൾ ഉപദേഷ്ടാക്കന്മാർക്ക് അധികം ശിക്ഷാവിധിയുണ്ട്. ആകയാൽ ഉപദേശ പഠനവും പഠിപ്പിക്കലും ക്രിസ്തീയ ജീവിതത്തിൽ അത്യധികം പ്രാധാന്യമുള്ളതാണ്.

## C. ഉപദേഷ്ടാക്കന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഉപദേശം അബദ്ധത്തിൽ നിന്നോ അശുദ്ധിയിൽ നിന്നോ വ്യാജത്തോടയോ അരുത്. 1 തെസ്സ. 2:3.
2. ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ മുഖസ്തുതിയോ പ്രയോഗിക്കരുത്. 1 തെസ. 2:5; 1 തിമോ. 6:10; റോമ. 16:18.
3. വചനത്തിൽ കൂട്ടു ചേർക്കരുത്; വിട്ടുകളകയുമരുത്; 2 കൊരി. 2:17;
4. സദുപദേശത്തിന്റെ ശുശ്രൂഷകൻ ആകണം. 1 തിമോ. 4:6
5. പത്ഥ്യോപദേശത്തിനു ചേരുന്നതു പ്രസ്താവിക്കണം. തീത്തോ. 2:1, 8
6. പ്രയോജനമുള്ളതൊന്നും മറച്ചുവെക്കാതെ ഉപദേശിക്കണം. അ.പ്ര.20:20
7. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ മുഴുവനും അറിയിക്കണം. അ.പ്ര. 20:27
8. സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കണം. 2 തിമോ 2:15
9. മനുഷ്യരെ പ്രസാദിപ്പിക്കുന്നവരാകരുത്. കൊലോ. 3:22
10. ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്ന ബോധ്യത്തോടെ പ്രസംഗിക്കണം. 1 പത്രോ. 4:11
11. ജനം കേട്ടാലും ഇല്ലെങ്കിലും (സ്വീകരിച്ചാലും ഇല്ലെങ്കിലും) ദൈവത്തിന്റെ വചനം അവരെ അറിയിക്കണം. (യെഹസ്കേൽ 2:7; 3:4)
12. ഉപദേശത്തിൽ നിർമ്മലതയും ഗൗരവവും ആക്ഷേപിച്ചു കൂടാത്ത പത്ഥ്യവചനവും ഉണ്ടായിരിക്കണം തീത്തോ. 2:8.
13. പൂർണ്ണ ഗൗരവത്തോടെ പ്രസംഗിക്കണം തീത്തോ. 2:15.

ഉപദേഷ്ടാക്കന്മാരോടുള്ള ബന്ധത്തിൽ തിരുവെഴുത്തു രേഖപ്പെടുത്തിയിരിക്കുന്ന പ്രബോധനങ്ങളിൽ നിന്നും ഉപദേശത്തിന്റെ പ്രാധാന്യം നമുക്കു മനസ്സിലാക്കാവുന്നതാണ്.

## D. ഉപദേശത്തോടുള്ള ബന്ധത്തിൽ വിശ്വാസികൾക്കുള്ള ഉത്തരവാദിത്തം

1. കേൾക്കുന്നതു അങ്ങനെ തന്നെയോ എന്നു ശോധന ചെയ്യണം. അ.പ്ര. 17:11
2. ദൈവത്തിന്റെ കല്പനയായി സ്വീകരിക്കണം. 1 തെസ്സ 2:13
3. ഉപദേശത്തെ മുറുകെ പിടിക്കണം 2 തെസ. 2:15
4. സത്യവചനം യഥാർത്ഥമായി പഠിപ്പിക്കുന്നവരെ മാനിക്കണം. 1 തിമോ. 5:17; 6:2
5. കണ്ണിന്റെ കൃഷ്ണമണി പോലെ കാക്കണം. സദ. 7:2

അടിസ്ഥാന ഉപദേശത്തെ അപ്പോസ്തോലിക ഉപദേശമെന്നും തിരുവെഴുത്തിൽ പറയുന്നു. (ഗലാ. 1:8; അ.പ്ര. 2:42). അപ്പോസ്തോലന്മാരുടെ ഉപദേശം ക്രിസ്തുവിന്റെ ഉപദേശമാണ് (1 കൊരി. 11:23; 1 യോഹ. 1:1–3; 2 യോഹ. 9). ഈ ഉപദേശത്തിന്റെ അതിർ ലംഘിക്കുന്ന വ്യക്തിയാണ് ദുരുപദേശകൻ. അവന്നു ദൈവം ഇല്ല (2 യോഹ. 9; സദൃ. 22:28) അങ്ങനെയുള്ളവരോട് കുശലം പറയാനുള്ള അനുവാദം പോലും വചനം നൽകുന്നില്ല (2 യോഹ. 10; 2 കൊരി. 6:14)

അടിസ്ഥാന ഉപദേശങ്ങളുടെ ആവശ്യകത നാം മനസ്സിലാക്കി. ഈ ബോദ്ധ്യത്തോടെ ഉപദേശ കലവറയുടെ ആഴങ്ങളിലേക്കു പരിശുദ്ധാത്മ സഹായത്തോടെ നമുക്കു ഇറങ്ങിച്ചെല്ലാം. സത്യവചനത്തിൽ നിന്നും പത്ഥ്യോപദേശം പ്രാപിച്ചു വിശുദ്ധജീവിതം നയിക്കുവാനും അനേകരെ ക്രിസ്തുവിലേക്കു നേടുവാനും ഈ പഠനം നമ്മെ സഹായിക്കുമാറാകട്ടെ. ❑

**സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിന്റെ ഭാഗമായിരിക്കുന്ന വിശ്വാസികൾ, സഭാംഗങ്ങൾ എന്ന നിലയിൽ പാലിച്ചുപോരേണ്ടതിനു വേണ്ടി പരിശുദ്ധാത്മാവ് മുഖാന്തരം ദൈവം തന്റെ ദാസന്മാർക്ക് നൽകിയതും അവർ അടുത്തറിഞ്ഞതുമായ വചനങ്ങളാണ് ഉപദേശങ്ങൾ. സഭയുടെ നിലനിൽപ്പിന് ഈ ഉപദേശങ്ങൾ അടിസ്ഥാനമായിരിക്കുകയാൽ ഇവയെ അടിസ്ഥാന ഉപദേശങ്ങൾ എന്നും പറയാം. (1 തിമൊ. 3:15; യോഹ. 1:1–3)**

# സ്നാനം എന്ത്? ആവശ്യകത എന്ത്?

ഡോ. സനീഷ് ചെറിയാന്‍

വിശ്വാസികള്‍ ചെയ്യേണ്ടതിനായി നല്കപ്പെട്ടിരിക്കുന്ന അനുഷ്ഠാനവേളയില്‍ ഒന്നാണ് സ്നാനം, ചിലകാര്യങ്ങളില്‍ കൂടി ഇതു വ്യക്തമാക്കാം.

(i) സ്നാനത്തിന്റെ ആവശ്യകത കര്‍ത്താവു തന്നെ പഠിപ്പിച്ചു. (മത്താ. 3:13,15)

(ii) കര്‍ത്താവു സ്വര്‍ഗ്ഗാരോഹണത്തിനു മുന്‍പു ശിഷ്യന്മാരോടു കല്പിച്ചതു. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്നാനം കഴിപ്പിച്ചും, ഞാന്‍ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാന്‍ തക്കവണ്ണം ഉപദേശിച്ചു കൊണ്ടും സകല ജാതികളെയും ശിഷ്യരാക്കി കൊള്‍വിന്‍" (മത്താ.28:19,20; മര്‍ക്കൊ.16:16) എന്നാണ്.

(iii) ഇത് അപ്പോസ്തലന്മാരും ആദിമസഭാ പിതാക്കന്മാരും ഉപദേശിക്കയും പ്രാവര്‍ത്തികമാക്കുകയും ചെയ്തിരുന്നു. (പ്രവൃ. 2:38,41; 8:12, 13, 36, 38; 9:18; 10:47, 48, 16:15,33; 18:8; 19:5; 1 കൊരി. 1:12-15). ജലസ്നാനമാണ് അനുഷ്ഠാനം എന്ന നിലയില്‍ ദൈവം കല്പിച്ചാക്കിയിരിക്കുന്നത്. (റോമ. 6:3,4; ഗലാ. 3:27;കൊലോ 2:12) കര്‍ത്താവു യോര്‍ദ്ദാന്‍ നദിയില്‍ സ്നാനമേറ്റതു വിശ്വാസികള്‍ പിന്‍തുടരുന്നതിന് ആയിരുന്നു. (മത്തായി 4:1) പുതിയ നിയമ സഭയിലെ ആരംഭകാല വിശ്വാസികള്‍ എല്ലാവരും ജലസ്നാനം സ്വീകരിച്ചവരായിരുന്നു. (പ്രവൃ. 9:18, 22:16) കൂടാതെ അപ്പോസ്തലനായ പത്രോസും സ്നാനം ഒരു അനുഷ്ഠാനമെന്ന നിലയിലാണ് വെളിപ്പെടുത്തിയിരിക്കുന്നത് (1 പത്രോ. 3:21).

അപ്പോസ്തലനായ പൗലോസ് വിശ്വാസ സ്നാനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന പ്രധാന വേദഭാഗങ്ങളെ ആത്മസ്നാനം എന്ന നിലയില്‍ വ്യാഖ്യാനിക്കുന്നവരുണ്ട്. (റോമ. 6:3,4; ഗലാ. 3:27; കൊല. 2:12) ജി. കാംബ് വെല്‍ മോര്‍ഗാന്‍ (G. Cambell Morgan) ലൂവീസ് സ്പെറി ചെയ്ഫര്‍ (Lewis Sperry Chafes) എന്നിവര്‍ ഈ ചിന്താഗതി



വെച്ചു പുലര്‍ത്തിയവരാണ്. 'ക്രിസ്തുവിനോടു ചേരുവാന്‍' (റോമ. 12:3; ഗലാ. 3:27) എന്ന പ്രയോഗമാണ് ഇവരുടെ ചിന്താഗതിക്കു നിദാനം. നാം ആത്മീകമായി ക്രിസ്തുവിനോടു ചേരുന്നു എന്നാണ് ഇവരുടെ വാദം. എന്നാല്‍ മൂലഭാഷയിലെ (EIS) വിഭക്തി പ്രത്യയത്തിന്റെ യഥാര്‍ത്ഥ അര്‍ത്ഥം 'നോടു' 'ലേക്കു' എന്നാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. എയ്സ് (EIS) എന്ന വിഭക്തിയുടെ യഥാര്‍ത്ഥ അര്‍ത്ഥം 'കൂടെ' 'ബന്ധപ്പെട്ടു' ചേര്‍ക്കപ്പെട്ടു എന്നൊക്കെയാണ് ആകയാല്‍ ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനം എന്നതിലുപരി ക്രിസ്തുവിനോടു കൂടെ സ്നാനപ്പെടുവാന്‍ എന്നതാണ് ശരി.

പുതിയ നിയമവിശ്വാസികള്‍ ഏല്ക്കണമെന്നു ഏല്പിക്കണമെന്നും വചനം അനു

ശാസിക്കുന്ന സ്നാനത്തെക്കുറിച്ചു ചില കാര്യങ്ങൾ നമുക്കു ചിന്തിക്കാം.

## 1. സ്നാനം എന്ത്?

a. ശിഷ്യത്വം അംഗീകരിക്കുന്ന പ്രഖ്യാപനം

സുവിശേഷ ദൗത്യവുമായി കർത്താവു തന്റെ ശിഷ്യന്മാരെ അയയ്ക്കുമ്പോൾ അവരോടു കല്പിച്ചതു. ആകയാൽ നിങ്ങൾ പുറപ്പെട്ടു സകലജാതികളെയും ശിഷ്യരാക്കി അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കയും .....പ്രമാണിപ്പാൻ തക്കവണ്ണം അവരെ ഉപദേശിക്കയും ചെയ്യുവിൻ'' (മത്താ. 28:19,20)

സകലജാതികളെയും ശിഷ്യരാക്കുക എന്നത് ആയിരുന്നു കർത്താവു ശിഷ്യന്മാർക്കു നല്കിയ പ്രഥമമായ ഉത്തരവാദിത്വം. ശിഷ്യത്വത്തിനുള്ള വ്യവസ്ഥ വിശ്വാസമാണ്. "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." (റോമ. 10:17) ആകയാൽ ലോകജാതികളെ സുവിശേഷം കേൾപ്പിക്കുവാനുള്ള ദൗത്യവുമായാണ് കർത്താവു ശിഷ്യന്മാരെ അയച്ചത്.

ഒരുവൻ ക്രിസ്തുവിന്റെ ശിഷ്യനാകുകയെന്നാൽ, തന്നെതന്നെയും തനിക്കുള്ളതിനെയും കർത്താവിനു സമർപ്പിച്ചുകൊണ്ട് ക്രിസ്തുവിന്റെ കർത്തൃത്വത്തെ സ്വീകരിക്കുകയാണ്. പാപത്തിൽ ജീവിച്ചിരുന്ന മനുഷ്യൻ വിശ്വാസത്താൽ ക്രിസ്തുവിന്റെ ശിഷ്യനായി തീർന്നു എന്നതിന്റെ പരസ്യപ്രഖ്യാപനമാണ് സ്നാനം, കൂടാതെ ഇതു കർത്തൃകല്പനയോടുള്ള അനുസരണത്തിന്റെ വെളിപ്പെടുത്തൽ കൂടിയാകുന്നു.

## യേശുക്രിസ്തുവിനോടു ചേരുന്നു

"അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികൾ ആകുവാൻ സ്നാനമേറ്റിരിക്കുന്നു. (റോമ. 6:3). "ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു." (ഗലാ. 3:27) യേശുവിനോടു ചേരുവാനുള്ള ഒരു പ്രവൃത്തിയായി വി. പൗലോസ് സ്നാനത്തെ വെളിപ്പെടുത്തിയിരിക്കുന്നു. പാപസംബന്ധമായി മരിച്ചവൻ യേശുക്രിസ്തുവിനോടു കൂടെ ഉയിർത്തു യേശുക്രിസ്തുവിനോടു കൂടെ ജീവിക്കുന്നു എന്ന പരസ്യപ്രഖ്യാപനമാണ് സ്നാനം. ഈ വിഷയത്തെ ഇസ്രായേലിന്റെ ചരിത്ര സംഭവത്തോടു താരതമ്യപ്പെടുത്തുന്നത് കൂടുതൽ വെളിച്ചം ലഭിക്കുവാനിടയാകും. "നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനമേറ്റു മോശയോടു ചേർന്നു." (1 കൊരി. 10:2) ഇസ്രായേലിന്റെ ചരിത്രത്തിലെ പരമപ്രധാനമായ സംഭവങ്ങളിൽ ഒന്നായിരുന്നു ഇത്. മിസ്രയീമിന്റെ അടിമത്വത്തിൽ കീഴിൽ കഷ്ടതയനുഭവിച്ച ദൈവജനത്തെ മോശെ മുഖാന്തരം ദൈവം വിടുവിക്കയും, മുൻപിലും പിൻപിലും കാവലായി നിന്നു അവരെ ചെങ്കടലിന്നക്കരെയെത്തിക്കുകയും ചെയ്തു. അവരുടെ ഇരുഭാഗങ്ങളിലുമായി ചെങ്കടൽ നിന്നു; മുകളിൽ മേഘവും, ചുറ്റിലും സമുദ്രവും അങ്ങനെ അവർ മേഘത്തിൽ കീഴിലും സമുദ്രത്തിലും സ്നാനമേറ്റു. അവരെ പിൻതുടർന്ന ഫറവോനും സൈന്യവും ചെങ്കടലിൽ വെച്ചു നശിച്ചു. ഇവിടെ രണ്ടു കാര്യങ്ങൾ സംഭവിച്ചു. ഒന്ന്, യിസ്രായേലിനു മിസ്രയീമുമായുള്ള ബന്ധം എന്നെന്നേക്കുമായി വിച്ഛേദിക്കപ്പെട്ടു. രണ്ട്, തങ്ങളെ വിടുവിക്കേണ്ടതിനു മുഖാന്തിരമായിത്തീർന്ന മോശയെ അനുസരിച്ചു അനുഗമിക്കേണ്ടതിനു അവനോടു ചേർന്നു.

ഇതുപോലുള്ള ഒരനുഭവമാണ് ക്രിസ്തുവിൽ വിശ്വസിക്കുന്ന വ്യക്തിക്ക് ഉണ്ടാകുന്നത്. അവൻ പാപത്തിന്നു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു ഉയർത്തെഴുന്നേല്ക്കുന്നു. അങ്ങനെയുള്ളവർ തങ്ങളുടെ പഴയ ജീവിതത്തോടു എന്നേക്കുമായി വിട പറഞ്ഞിരി

ക്കുന്നുവെന്നതിന്റെ പരസ്യ പ്രഖ്യാപനമാണ് സ്നാനം. മരുഭൂമിയിലെ വൈഷമ്യങ്ങൾ അഭിമുഖീകരിക്കുമ്പോൾ പിന്നോക്കം തിരിഞ്ഞു പോകുവാൻ സാധ്യമല്ലാതെ വണ്ണം അവർക്കു ചെങ്കടൽ തടസ്സമായിരുന്നതുപോലെ, ഒരു വിശ്വാസി യേശുവിനോടു ചേർന്നു യാത്ര ആരംഭിക്കുമ്പോൾ ജീവിതത്തിൽ പലവിധ തടസ്സങ്ങളും പ്രയാസങ്ങളും അനുഭവപ്പെടും. എങ്കിലും പിൻതിരിഞ്ഞു പോകാതെവണ്ണം ജീവിതതലങ്ങളെ തമ്മിൽ വേർതിരിക്കുന്ന ഒരു ഘടകമായി സ്നാനത്തെ മനസ്സിലാക്കാം.

## യേശുക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനത്തോടുള്ള ഏകീകരണം

“അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും.” (റോമ. 6:3,5). “ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി ത്തീർന്നിരിക്കുന്നു.” (II കൊരി. 5:17).

ഒരുവൻ ക്രിസ്തുവിൽ വിശ്വസിക്കുന്ന നിമിഷം മുതൽ പാപബന്ധങ്ങളിൽ നിന്നും പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുന്നുവെന്നതാണ് മുകളിൽ പ്രസ്താവിക്കപ്പെട്ട വേദഭാഗങ്ങൾ വിശദമാക്കുന്നത്. പാപി, പാപസംബന്ധമായി മരിച്ചവനാണ്. “ഈ എന്റെ മകൻ മരിച്ചവനായിരുന്നു. വീണ്ടും ജീവിച്ചു.'' (ലൂക്കോ. 15:24). എന്നാൽ തിരികെ വന്ന മകൻ പാപത്തിന്നും തന്റെ കഴിഞ്ഞ കാല ബന്ധങ്ങൾക്കും മരിച്ചവനായിരുന്നു. യേശു ക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷ പ്രാപിക്കുന്നവർ പാപത്തിന്നു മരിക്കുന്നു. സ്നാനത്താൽ നാം ക്രിസ്തുവിനോടൊപ്പം അടക്കപ്പെട്ടതായി കണക്കാക്കപ്പെടുന്നു. മാത്രമല്ല, യേശുക്രിസ്തുവിന്റെ മരണത്തോടു നാം ഏകീഭവിച്ചതുപോലെ തന്റെ പുനരുത്ഥാനത്തോടും ഏകീഭവിക്കും. വെള്ളത്തിൽ മുക്കുന്നതു മരിച്ച് അടക്കപ്പെടുന്നതിനും വെള്ളത്തിൽ നിന്നും കയറിവരുന്നതും ജീവന്റെ പുതുക്കത്തിൽ നടക്കാൻ ഉയർത്തെഴുന്നേറ്റതിനും സാദൃശ്യമാകുന്നു.

## ക്രിസ്തുവിനെ ധരിക്കുന്നു

“ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.” (ഗലാ. 3:27). പാപ പങ്കിലമായ ദുഷിച്ച അവസ്ഥയിൽ നിന്നും വിശുദ്ധ വസ്ത്രാലങ്കാരമായി ക്രിസ്തു തന്നെ നമ്മിലിരിക്കുന്നു. പാപ പ്രവൃത്തികൾക്കു വിശ്വാസികളുടെ മേൽ കർത്തൃത്വം നടത്തുവാൻ സാധ്യത ഉണ്ടാകാതെ വണ്ണം, ക്രിസ്തു ഉള്ളിൽ വസിച്ചുകൊണ്ടു തന്നെ വിശുദ്ധ ജീവിതം നയിക്കുവാൻ സഹായിക്കുന്നു.

## ആരാണ് സ്നാനം ഏല്ക്കേണ്ടത്?

വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുക എന്നതാണ് വേദപുസ്തകപ്രമാണം.

“വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'' (മർക്കൊ. 16:16). വിശ്വാസത്തിനു ശേഷം അനുവർത്തിക്കേണ്ട ഒരുകാര്യമായിട്ടാണ് ഈ ഭാഗം സ്നാനത്തെ വെളിപ്പെടുത്തുന്നത്. വിശ്വസിക്കുന്ന വ്യക്തിയാണ് സ്നാനം ഏല്ക്കേണ്ടത്. “നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരു

ത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പ്പിൻ" (പ്രവൃ. 2:38). ഇവിടെ മാനസാന്തരപ്പെട്ട വ്യക്തികളോട് സ്നാനമേല്ക്കാൻ ആവശ്യപ്പെടുന്നത്.

"ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകികളക (പ്രവൃ. 22:16). "അവന്റെ വാക്കു കൈക്കൊണ്ടവൻ സ്നാനം ഏറ്റു. അന്നു മൂവായിരത്തോളം പേർ അവനോടു ചേർന്നു." (പ്രവൃ. 2:41). അവന്റെ വാക്കു കൈക്കൊണ്ടവൻ മാത്രമാണ് സ്നാനമേറ്റത്.

"അവർ ഇങ്ങനെ വഴിപോകയിൽ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ ഷണ്ഡൻ ഇതാ വെള്ളം ഞാൻ സ്നാനം ഏല്ക്കുന്നതിനു എന്തു വിരോധം എന്നു പറഞ്ഞു. അതിനു ഫീലിപ്പോസ് നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. അങ്ങനെ അവർ തേർ നിർത്തുവാൻ കല്പിച്ചു. ഇരുവരും വെള്ളത്തിൽ ഇറങ്ങി. അവനെ സ്നാനം കഴിപ്പിച്ചു. (പ്രവൃ. 8:36,38) ഇതു കഴുകൽ സ്നാനത്തിനു തെളിവാണ്.

ഇവിടെ ഷണ്ഡനോടു പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം എന്നു പറയുന്നതിൽ നിന്നും, പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നില്ലെങ്കിൽ സ്നാനം ഏല്ക്കാൻ പാടുള്ളതല്ല എന്ന ദൈവീക കല്പനയെ ഫിലിപ്പോസിലൂടെ പരിശുദ്ധാത്മാവു വെളിപ്പെടുത്തുന്നു. വേദപുസ്തകത്തിൽ സ്നാനത്തോടനുബന്ധിച്ചു പറഞ്ഞിരിക്കുന്ന എല്ലാ ഭാഗങ്ങളിലും വിശ്വസിക്കുന്നവർ ആചരിക്കേണ്ട ഒന്നായിട്ടാണ് സ്നാനത്തെ വെളിപ്പെടുത്തിയിരിക്കുന്നത്.

## സ്നാനം ആരുടെ നാമത്തിൽ?

സ്നാനവേളയിൽ ഏറ്റുപറയുന്ന നാമം ആ നാമത്തോടു സ്നാനാർത്ഥിക്കുള്ള വിധേയത്വത്തെയും ആ നാമത്തിന്നു സ്നാനാർത്ഥിയുടെ മേലുള്ള കർത്തൃത്വത്തെയും കാണിക്കുന്നു. കൊരിന്ത്യ സഭയിലെ വിശ്വാസികൾ ഓരോ പക്ഷം ചേർന്നു. ഓരോ പക്ഷത്തിന്നായി നില കൊള്ളുവാൻ ശ്രമിക്കുന്നതെന്നറിഞ്ഞ പൗലോസ് അവരോടു: "അല്ല പൗലോസിന്റെ നാമത്തിൽ നിങ്ങൾ സ്നാനം ഏറ്റുവോ? (1 കൊരി. 1:12,13). ആരുടെ നാമത്തിൽ സ്നാനപ്പെടുന്നുവോ, ആ നാമത്തോടു സ്നാനാർത്ഥിക്കു കടപ്പാടുണ്ടായിരിക്കുന്നതു പോലെ, എന്റെ നാമത്തിൽ ഞാൻ ആരേയും സ്നാനപ്പെടുത്തിയിട്ടില്ല എന്നാണ് താൻ പറയുന്നത്.

"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും." (മത്താ. 28:19). ഇതായിരുന്നു കർത്തൃകല്പന. പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടുമുള്ള ഒരു വ്യക്തിയുടെ വിധേയത്വത്തെയാണിതു കാണിക്കുന്നത്. കൂടാതെ ത്രീയേക ദൈവത്തിന്റെ പ്രവർത്തന മേഖലയെ ഇവിടെ ദർശിക്കുവാൻ സാധിക്കും.

അപ്പോസ്തല പ്രവൃത്തികളിൽ ക്രിസ്തീയ സ്നാനത്തിനു യേശുവിന്റെ നാമത്തിലുള്ള സ്നാനം എന്നു പറയുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലായിരുന്നു അപ്പോസ്തലന്മാർ സ്നാനം കഴിപ്പിച്ചിരുന്നതു (പ്രവൃ. 19:2,3) യോഹന്നാൻ സ്നാപകന്റെ സ്നാനവും ക്രിസ്തീയ സ്നാനവും ഭിന്നമാണെന്ന വസ്തുത ഈ വാക്യം തന്നെ തെളിയിക്കുന്നു.

ചില ക്രിസ്തീയ വിഭാഗങ്ങൾ യേശുവിൻ നാമത്തിൽ മാത്രം സ്നാനം ഏല്ക്കുന്നു. (യേശു നാമക്കാർ) ഇതു വചന വിരുദ്ധമാണ്. മറ്റു ചിലർ കൊടിക്കീഴിലാണ് സ്നാനം ഏല്ക്കുന്നത് (രക്ഷാസൈന്യം) ഇതും ദുരുപദേശമാണ്.

## സ്നാനത്തിന്റെ പ്രധാന്യം

രക്ഷിക്കപ്പെട്ടവർ അനുസരിക്കേണ്ടതിനായി ദൈവത്താൽ നല്കപ്പെട്ടിരിക്കുന്ന കല്പനയാണ് സ്നാനം. കർത്താവു തന്റെ ജനത്തിൽ നിന്നും ആവശ്യപ്പെടുന്നതു സമ്പൂർണ്ണമായ അനുസരണമാണ്. ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം അവരെ ഉപദേശിപ്പിൻ എന്നാണ് ക്രിസ്തു അപ്പോസ്തലന്മാരോടു കല്പ്പിച്ചത്. കർത്താവിനെ സമ്പൂർണ്ണമായി അനുസരിക്കുന്നുവെന്നതിന്റെ പ്രഥമവും പ്രായോഗികവുമായ പ്രഖ്യാപനമാണ് സ്നാനം. ലോകമോഹങ്ങളോടും പാപപ്രവൃത്തികളോടുമുള്ള വിടപറച്ചിലിന്റെ വെളിപ്പെടുത്തലായി സ്നാനത്തെ കണക്കാക്കാം. ഞാൻ ക്രിസ്തുവിനോടു കൂടെ ലോകത്തിനു ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്ന പൊതു പ്രഖ്യാപനമാണ് സ്നാനം. മാത്രമല്ല, ക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനത്തോടുള്ള ഏകീകരണമാണ് സ്നാനം. രക്ഷിക്കപ്പെട്ട സകലരും അനുസരിക്കേണ്ട കർത്തൃകല്പനയാണ് ഇത്. ❑

ഇവിടെ ഷണ്ഡനോടു പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം എന്നു പറയുന്നതിൽ നിന്നും, പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നില്ലെങ്കിൽ സ്നാനം ഏല്ക്കാൻ പാടുള്ളതല്ല എന്ന ദൈവീക കല്പനയെ ഫിലിപ്പോസിലൂടെ പരിശുദ്ധാത്മാവു വെളിപ്പെടുത്തുന്നു.

# ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം

ഡോ. ജോർജ് പി. കോശി

"നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്നു ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികളാകുന്നുവല്ലോ. നിങ്ങൾ കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല; നിങ്ങൾക്കു കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല." (1 കൊരി. 10:16-17, 21). "ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏൽപ്പിക്കുകയും ചെയ്തതു എന്തെന്നാൽ; കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി; ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ചെയ്‌വിൻ എന്നു പറഞ്ഞു" (1 കൊരിന്ത്യർ 11:23-26).

അപ്പം നുറുക്കുന്നതിനോടുള്ള ബന്ധത്തിൽ രണ്ടു കാര്യങ്ങൾ ഉണ്ട്. ഒന്ന്, 1 കൊരി. 11ൽ വായിക്കുന്നതുപോലെ കർത്താവിന്റെ മരണത്തെക്കുറിച്ച് ഓർക്കുന്നതാണ്. രണ്ട്, 1 കൊരി. 10ൽ വായിക്കുന്നതുപോലെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ഐക്യതയെ കാണിക്കുന്നു.

ഒന്നാമതായി, കർത്താവിന്റെ മരണത്തെ ഓർക്കുന്നതിനായി അപ്പം നുറുക്കുന്നതിനെക്കുറിച്ചു ശ്രദ്ധിക്കാം. പാനപാത്രത്തിനുമുമ്പ് അപ്പം നൽകപ്പെട്ടതു തന്റെ ശരീരം തകർക്കപ്പെട്ടതുമൂലം മരിച്ച കർത്താവിനെ നമ്മുടെ ഓർമ്മയിൽ കൊണ്ടുവരുന്നതിനാണ്. നമ്മുടെ കർത്താവു ആദ്യം തകർക്കപ്പെടുകയും പിന്നീട് മരിക്കയും ചെയ്തു. അവൻ നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു" (യെശ. 53:45). അവൻ പീഡനത്താലും ശിക്ഷാ വിധിയാലും എടുക്കപ്പെട്ടു" (53:8). എബ്രാ. 9:27ൽ മനുഷ്യന്റെ ഓഹരിയെക്കുറിച്ച് പറഞ്ഞിരിക്കുന്നതു; "ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" എന്നത്രേ. നമ്മുടെ കർത്താവ്, നമ്മെപ്പോലെ ആദ്യം മരണവും പിന്നെ ന്യായവിധിയും ഏൽക്കേണ്ടിതിന് ആദാമ്യ വംശത്തിലല്ല ജനിച്ചത്. അവൻ രണ്ടാം ആദാമായി മനുഷ്യ ശരീരം എടുത്തു. നിഷ്കളങ്കമായ ദൈവകുഞ്ഞാടായാണ് താൻ മരിച്ചത്. കർത്താവിന്റെ കാര്യത്തിൽ ആദ്യം ന്യായവിധിയും പിന്നീട് മരണവുമായിരുന്നു. ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയായിരുന്നു തനിക്കു കുടിക്കുവാനുണ്ടായിരുന്ന പാനപാത്രം. താൻ പാനപാത്രം കുടിച്ചു കഴിഞ്ഞപ്പോൾ, വിജയത്തിന്റെ നിലവിളിയായി' സകലവും നിവൃത്തിയായി' എന്നു പറഞ്ഞു. തുടർന്ന് സ്വന്തം തോളിൽ തലചായ്ച്ചു, ആത്മാവിനെ പിതാവിന്റെ കരങ്ങളിലേൽപ്പിച്ചു. ആദ്യം ന്യായവിധി, പിന്നീടു മരണം. ആദാമ്യ വംശത്തിന്റെ രീതിക്കു വിരോധമായി ന്യായവിധിയാലാണ് താൻ മരിച്ചത്; അതു സ്വാഭാവിക മരണമായിരുന്നില്ല. അതു സ്വാഭാവിക മര

ണമായിരുന്നുവെങ്കിൽ മരണാനന്തരം ന്യായ വിധിയുണ്ടാകുമായിരുന്നു. കാൽവറിയിൽ നിഷ്കളങ്കനായ ദൈവപുത്രൻ ദൈവിക ന്യായവിധിയിലൂടെ കടന്നുപോകയും തൽഫലമായി മരിക്കുകയും ചെയ്തു. നമുക്കു പകരക്കാരനായി താൻ ആദ്യം വിധിക്കപ്പെടുകയും അതിന്റെ ഫലമായി മരിക്കുകയും ചെയ്തു. തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ ഇനി ന്യായവിധിയിലൂടെ കടന്നു പോകേണ്ടതില്ല. ക്രിസ്തുവിൽ മരിച്ചവർക്കിനി ന്യായവിധി അഭിമുഖീകരിക്കേണ്ടതില്ല. നമുക്കു പകരമായി നമ്മുടെ രക്ഷകൻ വിധിക്കപ്പെട്ടു. ഇതാണ് ക്രിസ്തുവിലൂടെയുള്ള നിത്യരക്ഷയുടെ മനോഹാരിത. ഇതാണ് കർത്താവിന്റെ അത്താഴത്തിന്റെ അർത്ഥം. അതുകൊണ്ട്, ആദ്യം നമ്മുടെ കർത്താവിന്റെ മരണത്തെ പ്രതിനിധീകരിക്കുന്ന അപ്പത്തിൽ നിന്നും, പിന്നീടു പാനപാത്രത്തിൽ നിന്നും അംശികളാകുന്നു. അപ്പവീഞ്ഞുകൾ ഒന്നിച്ചു കഴിക്കുന്നവർ കർത്താവിന്റെ മരണത്തെ അല്ല ഓർക്കുന്നത്. മരിക്കുന്നതിനു മുമ്പുള്ള കർത്താവിനെയാണ്. രക്തം ശരീരത്തിലുണ്ടെങ്കിൽ അതു ചൊരിയപ്പെടുകയോ വേർപെടുകയോ ചെയ്തിട്ടില്ല. അവിടെ വീണ്ടെടുപ്പുമില്ല (എബ്രാ. 9:12). ദൈവകുഞ്ഞാടിന്റെ ചൊരിയപ്പെട്ട രക്തത്തിനാണ് വീണ്ടെടുപ്പു ശക്തിയുള്ളത്. ശരീരത്തിലുള്ള രക്തത്തിനല്ല. അപ്പവീഞ്ഞുകൾ നാം വെവ്വേറേ ഭുജിക്കുമ്പോൾ നമുക്കു പകരം ദൈവിക ന്യായവിധിയിലൂടെ കടന്നു പോയി, മരണം പൂകിയ കർത്താവിനെ നാം ഓർക്കുന്നു.

ക്രിസ്തീയ സമൂഹത്തിൽ ചിലർക്കു മാത്രമാണ് അപ്പം നുറുക്കുവാനനുവാദമുള്ളത്. മറ്റുള്ളവർക്ക് അംശികളാകാനുള്ള സ്വാതന്ത്ര്യവും. അങ്ങനെ ശ്രേഷ്ഠനെന്നും എളിയവനെന്നുമുള്ള ഒരു തിരിവും പ്രകടമായി. ഇതു വചനാനുസൃതമോ? ഈ പരിചയത്തിനു മതിയായ തെളിവുകൾ വചനത്തിലില്ല. പഴയ നിയമകാലത്തു ന്യായപ്രമാണത്തിൻ കീഴിൽ പുരോഹിതന്മാരും പൗരോഹിത്യവുമുണ്ടായിരുന്നു. ജനത്തിനു ദൈവസന്നിധിയിൽ നേരിട്ടു ചെല്ലുവാനുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. അവർക്കുവേണ്ടി ദൈവസന്നിധിയിൽ മധ്യസ്ഥം അപേക്ഷിക്കേണ്ടതിന് നിയോഗിതരായ പുരോഹിതന്മാരുണ്ടായിരുന്നു. എന്നാൽ ക്രിസ്ത്യാനികൾക്കു യേശുക്രിസ്തുവിന്റെ രക്തത്താൽ ദൈവസന്നിധിയിൽ പ്രവേശനവും ധൈര്യവുമുണ്ട് (എബ്രാ. 10:19). കർത്താവിന്റെ അത്താഴം ഒരു യാഗമോ, മധ്യസ്ഥതയോ അല്ല. ഓരോരുത്തരും അപ്പം നുറുക്കുന്നതിലൂടെ കർത്താവിന്റെ മരണത്തെ ഓർക്കുന്നതിൽ പങ്കാളികളാകുന്നു. എന്നാൽ അപ്പം മൂന്നമെ നുറുക്കിയതായിട്ടാണ് മിക്ക ക്രിസ്തീയ സഭകളിലും കൊണ്ടുവരുന്നത്. നാം തന്റെ ശരീരത്തെ തകർക്കുന്നവരല്ല. കർത്താവിന്റെ ശരീരം തകർത്തതു അവനെ ക്രൂശിപ്പാനായി ഒന്നിച്ചുകൂടിയത് ദുഷ്ടന്മാരാണ്. തകർക്കപ്പെട്ട തന്റെ ശരീരത്തിൽ നിന്നു നാം ഭക്ഷിക്കുകയും പങ്കാളികളാവുകയും ചെയ്യുന്നു.

അപ്പത്തിൽ അംശികളാകുന്നതിനു മുമ്പ് നാം ദൈവത്തിനു നന്ദി പറയുന്നു. മത്തായി 26:26, മർക്കോ. 14:22ലും കർത്താവ് അപ്പം എടുത്തു വാഴ്ത്തി എന്നു നാം വായിക്കുന്നു. ഈ വാക്യത്തെ ഉദ്ധരിച്ചുകൊണ്ട്, അപ്പം വാഴ്ത്തി അനുഗ്രഹിച്ചു നുറുക്കുണമെന്നു ചിലർ പഠിപ്പിക്കാറുണ്ട്. ലൂക്കോ. 22:19ലും 1 കൊരി. 11:24ലും കർത്താവു അപ്പത്തിനു സ്തോത്രം ചൊല്ലി എന്നു പറഞ്ഞിരിക്കുന്ന കാര്യം അവർ മറക്കുന്നു. അപ്പം നുറുക്കി ശിഷ്യന്മാർക്കു കൊടുക്കുന്നതിനു മുമ്പ് കർത്താവ് അപ്പം എടുത്തു വാഴ്ത്തിയിരുന്നു (മർക്കോ 6:41; ലൂക്കോ 9:16) എന്നതും അവർ മറക്കുന്നു. മത്തായിയിലും മർക്കോസിലും അപ്പം എടുത്തു വാഴ്ത്തി എന്നും പാനപാത്രത്തിനു സ്തോത്രം ചെയ്തുവെന്നുമാണ് വായിക്കുന്നത്. ലൂക്കോസ് എഴുതുമ്പോൾ, വാഴ്ത്തി എന്നു മാത്രമേ പറയുന്നുള്ളു. ഈ തിരുവചന ഭാഗങ്ങൾ നമുക്കു നൽകുന്ന ഉപ

ദേശം കർത്താവു അപ്പം വാഴ്ത്തിയതു, പിതാവിനു നന്ദികരേറ്റലായിരുന്നുവെന്നാണ്. അതു ദൈവസന്നിധിയിൽ വിശുദ്ധീകരിക്കുക ആയിരുന്നില്ല. അതുകൊണ്ട് കർത്താവിന്റെ അത്താഴം ഒരു കൂദാശയല്ല. ലൂക്കോസ് 24:30ൽ നാം വായിക്കുന്നത്; അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി എന്നാണ്. ഇതാണ് താൻ അവസാനമായി ദൈവത്തിനു നന്ദി പറഞ്ഞ സന്ദർഭം. ഒന്നാം നൂറ്റാണ്ടിൽ റോമാക്കാരെ സംബന്ധിച്ചിടത്തോളം ഒരു കൂദാശ (Sacrament) എന്നതു പടയാളി അവരുടെ ദേശീയ പതാകയോടു ചെയ്യുന്ന വിശ്വസ്ത സേവന പ്രതിജ്ഞ

യാണ്. മൂന്നാം നൂറ്റാണ്ടിൽ സഭാ പിതാക്കന്മാർ തിരുവത്താഴത്തോടുള്ള ബന്ധത്തിൽ കൂദാശ എന്ന വാക്കുപയോഗിച്ചു. പിന്നീട് അതു തിരുവത്താഴത്തിനുള്ള ഒരു പര്യായമായിത്തീരുകയും ചെയ്തു. സ്നാനത്തെയും വിവാഹത്തെയും അവർ കൂദാശകളായി നാമകരണം ചെയ്തു. അങ്ങനെ കൂദാശ എന്നത് സഭാപരമായ ഒരു പദമായിത്തീരുകയും അധികമാരും ചോദ്യം ചെയ്യാതെയുമിരുന്നു. എല്ലാ വിശുദ്ധന്മാരും അപ്പത്തിനും പാനപാത്രത്തിനും സ്തോത്രം ചെയ്യാൻ യോഗ്യരാണ്. സ്ത്രീകൾ വിശുദ്ധന്മാരുടെ സർവ്വസഭകളിലും മിണ്ടാതിരിക്കണമെന്ന ദൈവകല്പനയുള്ളതുകൊണ്ട് വിശുദ്ധന്മാർ അംശികളായിത്തീരുന്ന അപ്പ വീഞ്ഞുകൾക്ക് സ്തോത്രം ചെയ്യാൻ പാടില്ല.

അപ്പം നുറുക്കുകയെന്നതു ക്രിസ്തുവിനെ മരിപ്പിക്കുന്നതായ ബാഹ്യപ്രവൃത്തിയല്ല. ക്രൂശീകരണ സമയത്തു ദുഷ്ടന്മാർ അതു ചെയ്തു. കർത്താവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ തന്നേ അപ്പത്തിനു സ്തോത്രം ചൊല്ലി നുറുക്കി. സ്തോത്രം ചൊല്ലുന്ന ആൾതന്നെ അപ്പം നുറുക്കണമെന്ന സൂചന ഇവിടെയുണ്ട്. തകർക്കപ്പെട്ട ശരീരത്തെ പ്രതിനിധീകരിക്കുന്ന അപ്പത്തിൽ നിന്നു വ്യക്തിൾ അംശികളാകുമ്പോഴാണ് കൂട്ടായ്മയുണ്ടാകുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിന്റെ സാദൃശമാണ് നുറുക്കപ്പെട്ട അപ്പം.

കർത്താവിന്റെ അത്താഴം സംബന്ധിച്ച് രണ്ടു തെറ്റായ പഠിപ്പിക്കലുകളുണ്ട്. അവയെക്കുറിച്ച് ഒരു വാക്ക് ചുവടെ ചേർക്കുന്നു. ക്രിസ്തീയ സമൂഹത്തിൽ അവ വസ്തുമാറ്റം (Transubstantiation), വസ്തുസമാന്തര യോജിപ്പ് (Consubstantiation) എന്നീ പേരുകളിൽ അറിയപ്പെടുന്നു. അപ്പ വീഞ്ഞുകൾ സ്തോത്രം ചെയ്തു ഭുജിക്കുമ്പോൾ അവ ആക്ഷരികമായ കർത്താവിന്റെ ശരീരവും രക്തവുമായി മാറുന്നു എന്ന പഠിപ്പിക്കലാണ് വസ്തുമാറ്റ സിദ്ധാന്തം. നേരെമറിച്ച്, കർത്താവിന്റെ അത്താഴത്തിൽ അപ്പ വീഞ്ഞുകളോടൊപ്പം ക്രിസ്തുവിന്റെ ശരീര രക്തങ്ങളുടെ സാന്നിദ്ധ്യമുണ്ടെന്ന പഠിപ്പിക്കലാണ് വസ്തു സമാന്തര യോജിപ്പ് സിദ്ധാന്തം. മത്തായി 26:26ൽ കർത്താവു പറഞ്ഞ കാര്യത്തെ തെറ്റായി വ്യാഖ്യാനിക്കുന്നതാണ് തെറ്റായ ഈ രണ്ടു പഠിപ്പിക്കലുകൾക്കും ആധാരം; "ഇതു എന്റെ ശരീരം". ഗ്രീക്കിൽ ഇതു "ടൗടോ എസ്ടീ ടോ മൗ" (Touto Esti To Mou) എന്നാണ്. ഇതു ഒരു ആലങ്കാരിക പ്രയോഗമാണ് (Metaphor); ദൃഷ്ടാന്തമല്ല (Similie). ആലങ്കാരികവും ദൃഷ്ടാന്തവും തമ്മിലുള്ള വ്യത്യാസമെന്ത്? ഒന്നു മറ്റൊന്നിനോടു സാദൃശ്യപ്പെടുത്തി പറയുന്നതിനെയാണ് ദൃഷ്ടാന്തം അല്ലെങ്കിൽ ഉപമ എന്നു പറയുന്നത്. ഉദാഹരണത്തിനു നമ്മുടെ കർത്താവ് പറഞ്ഞു: പരീശന്മാരുടെ ഉപദേശം പുളിച്ച മാവിനു തുല്യമാണെന്ന്. ഇവിടെ പരീശന്മാരുടെ ഉപദേശത്തെ പുളിപ്പിനോടുപമിക്കുകയാണ് കർത്താവ് ചെയ്തത്. പരീശന്മാരുടെ ഉപദേശം പുളിപ്പാണെന്നു കർത്താവ് പറഞ്ഞിരുന്നെങ്കിൽ അതു അലങ്കാരവചനം (metaphor) ആകുമായിരുന്നു. കാരണം അവിടെ താരതമ്യമില്ല. ആലങ്കാരിക പ്രയോഗത്തിൽ നാം ഒന്നു മറ്റൊന്നാണെന്നു പറയുന്നു. ആലങ്കാരിക പ്രയോഗ

ത്തിൽ ആ വസ്തുവിനെക്കുറിച്ചു വിശദമായി മനസ്സിലാക്കാനുള്ള മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡം എന്നത് രണ്ടു നാമങ്ങളും സർവ്വനാമവുമുള്ളപ്പോൾ, സർവ്വനാമം നാമവുമായി ലിംഗപരമായി യോജിക്കുന്നതായിരിക്കണം. മത്തായി 26:26ൽ 'ഇതു' എന്നതാണ് സർവ്വനാമം. ഇത് നപുംസകപദമാണ്; ശരീരവും അപ്പവും രണ്ടു നാമങ്ങളാണ്. ശരീരത്തിനു ഗ്രീക്കിൽ സോമ (soma) എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. അതു നപുംസക പദമാണ്. അപ്പത്തിനുള്ള ഗ്രീക്കുവാക്ക് അർടോസ് (Artos) എന്നാണ്. അതു പുല്ലിംഗ പദമാണ്. ഇതു എന്ന സർവ്വനാമം ശരീരം എന്ന നാമത്തോടു യോജിക്കുന്നു; അപ്പം എന്ന നാമത്തോടു യോജിക്കുന്നില്ല. അതുകൊണ്ട് നാം ഒരു ആലങ്കാരിക പ്രയോഗമാണ് (metaphor) ഇവിടെ കാണുന്നതു. അല്ലാതെ, റോമൻ കത്തോലിക്കർ പറയുന്നതുപോലെ വസ്തുമാറ്റമോ ലൂഥറൻ സഭക്കാർ പഠിപ്പിക്കുന്നതുപോലെ വസ്തുസമാന്തര യോജിപ്പോ ഇവിടെ അർത്ഥമാകുന്നില്ല.

ഒരു അലങ്കാരം എന്ന നിലയ്ക്ക് അപ്പം അപ്പമായും വീഞ്ഞ് വീഞ്ഞായും തന്നെ ഇരിക്കുന്നു. അതിലപ്പുറമായി ഒന്നുമവിടില്ല. ഇതു ധാന്യം പൊടിച്ചുണ്ടാക്കുന്ന അപ്പവും മുന്തിരി പിഴിഞ്ഞെടുക്കുന്ന ചാറുമാണ്. അലങ്കാരത്തെ (metaphor) മറ്റൊരു നിലയിലൂടെയും ഞാൻ വിശദീകരിക്കട്ടെ. ഞാൻ എന്റെ ഭാര്യയുടെ ചിത്രം കാണിച്ചുകൊണ്ട് 'ഇതു എന്റെ ഭാര്യയാണ്' എന്നു പറയുന്നു. ആ പറച്ചിലുകൊണ്ട് ചിത്രമുള്ള ഒരു കഷണം കടലാസ് എന്റെ ഭാര്യയാകുന്നില്ല. ഈ യാഥാർത്ഥ്യം ഞങ്ങൾക്കു രണ്ടു പേർക്കും അറിയാമെങ്കിലും കടലാസിലെ ചിത്രം എന്റെ ഭാര്യതന്നെ എന്നു ഞാൻ തറപ്പിച്ചു പറയുന്നു. ഞാൻ എന്റെ ഭാര്യയിൽ നിന്നും അകന്നു ജീവിക്കയും, എത്രയുംവേഗം കാണാമെന്നു പ്രത്യാശിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോൾ അവളുടെ ചിത്രം കണ്ടു എന്റെ ഭാര്യയാണിതെന്നു ഓർക്കുന്നു. ഇതു നിന്റെ ഭാര്യയല്ലെന്നും ഭാര്യയുടെ ചിത്രം മാത്രമാണെന്നും ഒരുവനു എന്നോടു വാദിക്കാം. അതു ശരിയുമാണ്. എന്നാൽ ഞാൻ പറയുന്നത് ഇതു എന്റെ ഭാര്യയാണ് എന്നത്രേ. അതുപോലെ, നാം നുറുക്കുന്ന അപ്പം കർത്താവിന്റെ ശരീരവും, നാം കുടിക്കുന്ന വീഞ്ഞ് കർത്താവിന്റെ രക്തവും ആകുന്നു. കർത്താവു വരുവോളം തന്റെ മരണത്തെക്കുറിച്ചുള്ള ഓർമ്മ ഇവ നമുക്കു നൽകുന്നു. എന്റെ ഭാര്യയുടെ ചിത്രം അവളുടെ അസാന്നിദ്ധ്യത്തിൽ എന്നെ എത്രമാത്രം സന്തോഷിപ്പിക്കുന്നുവോ അതിലുപരിയായി അപ്പ വീഞ്ഞുകൾ എന്നെ സ്നേഹിച്ചു ജീവനെ തന്ന കർത്താവിനെക്കുറിച്ചുള്ള ഓർമ്മകളാൽ സന്തോഷിപ്പിക്കുന്നു. (തുടരും)

**അപ്പവീഞ്ഞുകൾ ഒന്നിച്ചു കഴിക്കുന്നവർ കർത്താവിന്റെ മരണത്തെ അല്ല ഓർക്കുന്നത്. മരിക്കുന്നതിനു മുമ്പുള്ള കർത്താവിനെയാണ്.**